# ഈ കാമ്പയിനിലെ ചോദ്യങ്ങൾ

**1) 'ഹേ, ............................ ! നിശ്ചയമായും ഞാൻ നിങ്ങൾക്ക് വ്യക്തമായ ഒരു താക്കീതുകാരൻ മാത്രമാണ്.'**

- a. അവിശ്വസിച്ചവരേ
- b. സത്യവിശ്വാസികളേ
- c. മനുഷ്യരേ
- d. ജിന്നുകളിലും മനുഷ്യരിലും പെട്ട അവിശ്വസിച്ചവരേ

**2) അല്ലാഹു നബി(സ)യോട് പ്രഖ്യാപിക്കാൻ ആവശ്യപ്പെട്ട കാര്യങ്ങൾ താഴെ നൽകിയതിൽ തെറ്റായി നൽകിയ പ്രസ്താവനയേത് ?**

- a. നബി(സ) വ്യക്തമായ ഒരു താക്കീതുകാരൻ മാത്രമാണ്
- b. താക്കീത് സ്വീകരിക്കുന്നവർക്ക് മഹത്തായ പ്രതിഫലമുണ്ട്
- c. താക്കീത് ധിക്കരിക്കുന്നവരുടെ പര്യവസാനം നരകമായിരിക്കും
- d. ശിക്ഷയും പ്രതിഫലവും നിർണ്ണയിക്കുന്നതിൽ നബി(സ)ക്ക് പങ്കുണ്ട്

**3) പിശാചിന്റെ ദുർബ്ബോധനങ്ങളെ ആർക്കാണ് അല്ലാഹു ഒരു പരീക്ഷണമാക്കിയിട്ടുള്ളത് ?**

- a. ഹൃദയങ്ങളിൽ രോഗമുള്ളവർക്ക്
- b. ഹൃദയങ്ങൾ കടുത്തുപോയിട്ടുള്ളവർക്ക്
- c. അറിവ് നൽകപ്പെട്ടിട്ടുള്ളവർക്ക്
- d. എ യും ബി യും

**4) 'അവരുടെ ഹൃദയങ്ങൾ അതിലേക്ക് വിനയപ്പെടുക' എന്നതിന് ഉപയോഗിച്ച പ്രയോഗം എന്ത് ?**

- [ ] a. ഖുലൂബിഹിം മറളുൻ قُلُوبِهِم مَّرَضٌ
- [ ] b. ഖാസിയതു ഖുലൂബുഹും قَاسِيَةِ قُلُوبُهُمْ
- [ ] c. തുഹ്ബിത ലഹു ഖുലൂബുഹും تُخْبِتَ لَهُ قُلُوبُهُمْ
- [ ] d. യുൽഖി ഖുലൂബുഹും يُلْقِى قُلُوبُهُمْ

**5) സൂറത്തുന്നജ്മ് നബി(സ) ഓതിക്കേൾപ്പിക്കുമ്പോൾ ലാത്ത, ഉസ്സ എന്നീ വിഗ്രഹങ്ങളെക്കുറിച്ച് പ്രസ്താവിക്കുന്ന ആയത്തിനുശേഷം അവയെ പ്രശംസിച്ചുകൊണ്ട് ചിലവാക്യങ്ങൾ നബി(സ) അറിയാതെ പിശാചിന്റെ വകയായി കൂട്ടിപ്പറഞ്ഞുപോയി. ഈ പ്രസ്താവന ..........................**

- [ ] a. 52-54 ആയത്തുകളുടെ ഉദ്ദേശ്യത്തിൽ വരുന്നു
- [ ] b. കെട്ടിച്ചമച്ചുണ്ടാക്കിയ കഥയാണ്
- [ ] c. വളരെ ശരിയാണ്
- [ ] d. തെറ്റാണോ എന്ന് വ്യക്തമല്ല

**6) 'എല്ലാ നബിമാർക്കും തന്നെ മനുഷ്യരിലും ജിന്നുകളിലുമുള്ള പിശാചുക്കളെ നാം ശത്രുക്കളായി ഏർപ്പെടുത്തിയിട്ടുണ്ട്' ഈ സാരം ഉൾകൊള്ളുന്ന വചനമാണ്...................**

- [ ] a. ഹജ്ജ് 52
- [ ] b. ഹജ്ജ് 53
- [ ] c. ഹജ്ജ് 54
- [ ] d. അൻആം 112

**7) '.................... തങ്ങൾക്ക് വന്നെത്തുന്നത് വരെ അവിശ്വാസിച്ചവർ അതിനെക്കുറിച്ചു സംശയത്തിലായിക്കൊണ്ടേയിരിക്കുന്നതാണ്'.**

- a. മരണം
- b. അന്ത്യസമയം
- c. തുടരെയുള്ള പരീക്ഷണങ്ങൾ
- d. അനുഗ്രഹങ്ങൾ

**8) അൽ മുൽക്കു യൗമഇദിൻ ലില്ലാഹ് ٱلْمُلْكُ يَوْمَئِذٍ لِّلَّهِ എന്നതിന്റെ അർത്ഥം എന്ത് ?**

- a. സർവ്വഅധികാരങ്ങളും ഏക ഇലാഹായ അല്ലാഹുവിനുമാത്രം
- b. അന്നത്തെദിവസം ആധിപത്യം മുഴുവനും അല്ലാഹുവിനാകുന്നു
- c. അവർക്കിടയിൽ അല്ലാഹു വിധികൽപിക്കും
- d. അല്ലാഹു സർവ്വജ്ഞനും യുക്തിജ്ഞാനിയുമാകുന്നു

**9) അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ഹിജ്റ പോകുകയും പിന്നീട് ശത്രുക്കളാൽ കൊല്ലപ്പെടുകയോ മരണമടയുകയോ ചെയ്യുന്നവർക്ക് അല്ലാഹു വാഗ്ദാനം ചെയ്തിട്ടുള്ളത് എന്ത് ?**

- a. മെച്ചപ്പെട്ട ഉപജീവനം
- b. സ്വർഗ്ഗത്തിൽ പ്രവേശനം
- c. അവർ തൃപ്തിപ്പെടുന്ന ഒരു പ്രവേശനസ്ഥലത്തിൽ പ്രവേശനം
- d. എല്ലാം ശരിയാണ്

**10) താഴെ നൽകിയതിൽ പരിശുദ്ധ ഖുർആനിന്റെ ആയത്തുകൾക്ക് എതിരായ പ്രസ്താവനയേത് ?**

- a. മർദ്ദിതരായ സത്യവിശ്വാസികൾക്ക് യുദ്ധംചെയ്യാൻ അനുവാദം നൽകി
- b. അക്രമത്തിനുപകരം അതേ അളവിൽ അങ്ങോട്ടും പ്രതികാരനടപടി എടുക്കുവാനുള്ള അവകാശം നൽകി

- [ ] c. അവിശ്വാസികളെ യാതൊരു കാരണവും കൂടാതെ ആക്രമിക്കാനുള്ള അവകാശം നൽകി
- [ ] d. സത്യത്തിന്റെ കക്ഷിയെ അല്ലാഹു സഹായിക്കുന്നതാണ്

**11) 11) അല്ലാഹുവിന്റെ വിശേഷണങ്ങളെ ഉൾക്കൊള്ളുന്ന ചില പ്രയോഗങ്ങളും അവയുടെ ആശയങ്ങളും താഴെ നൽകിയിരിക്കുന്നു. അതിൽ ആശയം മാറി വന്നിട്ടുള്ളത് ഏത് ?**

- [ ] a. അല്ലാഹുവാണ് യഥാർത്ഥത്തിലുള്ളവൻ - أَنَّ ٱللَّهَ هُوَ ٱلْحَقُّ
- [ ] b. അല്ലാഹു തന്നെയാകുന്നു ഉന്നതനും മഹാനുമായുള്ളവൻ - أَنَّ ٱللَّهَ هُوَ ٱلْعَلِيُّ ٱلْكَبِيرُ
- [ ] c. അല്ലാഹു തന്നെയാകുന്നു എല്ലാം കേൾക്കുന്നവനും, കാണുന്നവനും - أَنَّ ٱللَّهَ سَمِيعٌۢ بَصِيرٌ
- [ ] d. നിശ്ചയമായും അല്ലാഹു മാപ്പ് ചെയ്യുന്നവനും പൊറുക്കുന്നവനും ആണ് - إِنَّ ٱللَّهَ لَعَلِيمٌ حَلِيمٌ

**12) സൃഷ്ടികൾക്കു മനസ്സിലാക്കുവാൻ കഴിയാത്തവണ്ണം അതിസൂക്ഷ്മമായുള്ളവൻ എന്നും അതിസൂക്ഷ്മങ്ങളായ എല്ലാ കാര്യങ്ങളും അറിയുന്നവൻ എന്നും വിവക്ഷിക്കപ്പെടാവുന്ന അല്ലാഹുവിന്റെ നാമം ഏത്?**

- [ ] a. ബസ്വീർ بَصِيرٌ
- [ ] b. അൽ കബീർ ٱلْكَبِيرُ
- [ ] c. അൽ ഹമീദ് ٱلْحَمِيدُ
- [ ] d. ലത്വീഫ് لَطِيفٌ

**13) പാഠഭാഗത്ത് പരാമർശിച്ച അനുഗ്രഹങ്ങളിൽ ഉൾപ്പെടുന്നത് ഏത് ?**

- [ ] a. ആകാശത്തുനിന്ന് വെള്ളം ഇറക്കിയിട്ട് ഭൂമി പച്ചപിടിച്ചതാക്കുന്നു
- [ ] b. കപ്പലുകളെ മനുഷ്യർക്ക് കീഴ്പ്പെടുത്തിത്തന്നിരിക്കുന്നു
- [ ] c. ആകാശത്തെ ഭൂമിയിൽ വീണുപോകാതെ പിടിച്ചു നിർത്തുന്നു
- [ ] d. എല്ലാം ഉൾപ്പെടുന്നു

**14) (1- നിശ്ചയമായും മനുഷ്യൻ വളരെ നന്ദികെട്ടവൻ തന്നെയാണ്) (2- പിന്നെയും നിങ്ങളെ അവൻ ജീവിപ്പിക്കുന്നു) (3- പിന്നെ നിങ്ങളെ അവൻ മരണപെടുത്തുന്നു) (4-അവനത്രെ നിങ്ങളെ ജീവിപ്പിച്ചിട്ടുള്ളവൻ). ആയത്തിന്റെ ക്രമത്തിൽ ശരിയേത് ?**

- a. 1,2,3,4
- b. 4,3,2,1
- c. 1,3,2,4
- d. 4,2,3,1

**15) ''നിശ്ചയമായും അല്ലാഹു ജനങ്ങളോടു വളരെ കൃപയുള്ളവൻ തന്നെയാണ്, ........................... ഉം ആണ് ''**

- a. ഹമീദ് حَمِيدٌ
- b. ഹബീർ خَبِيرٌ
- c. റഹീം رَّحِيمٌ
- d. റഊഫ് رَءُوفٌ

---

ഇവിടെ ക്ലിക് ചെയ്താൽ നിങ്ങൾക്ക് പരീക്ഷ എഴുതാനുള്ള വെബ്സൈറ്റിൽ കയറി എക്സാം എഴുതാവുന്നതാണ്.

ക്ലാസുകൾ ശ്രവിക്കാൻ സന്ദർശിക്കുക

യൂട്യൂബ് ലിങ്ക്

ഫേസ്ബുക്ക് ലിങ്ക്

Ebook ലിങ്ക്